നടപടിയും സ്വീകരിച്ചിട്ടില്ല. ഓരോ പ്രാവശ്യവും ഓരോ കാര്യം പറയുമെന്നല്ലാതെ ഒന്നും നടന്നിട്ടില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം, അങ്കമാലിയിലെ ബൈപ്പാസിന്റെ കാര്യമാണ്. 2012-ൽ ഈ ബൈപ്പാസ് സംബന്ധമായ ഒരു യോഗം ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ട ആളുകളുമായി നടത്തുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ ഒരു പുരോഗതിയുമുണ്ടായിട്ടില്ല. ഇത് ഈ ഗവൺമെന്റിന്റെ കാലത്ത് നടക്കില്ലെങ്കിൽ അക്കാര്യം പറയണം, ഒരു വിരോധവുമില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്.

12.00 Noon]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 2012-ൽ കാലടി ശ്രീശങ്കരാചാര്യ പാലത്തിന് സമാന്തരമായ ഒരു പാലം നിർമ്മിക്കാൻ 42 കോടി രൂപയുടെ ഭരണാനുമതി കൊടുത്തു. നിർഭാഗ്യവശാൽ അലൈൻമെന്റ് സംബന്ധിച്ച് നിരന്തരമായ തർക്കം നിലനിന്നതുകൊണ്ട് അത് പരിഹരിക്കാൻ സാധിച്ചില്ല. ഇപ്പോൾ അലൈൻമെന്റ് ശരിയായിട്ടുണ്ട്. ഏറ്റവും കുറഞ്ഞത് പാലത്തിന്റെ അപ്പുറവുമിപ്പുറവുമുള്ള സ്ഥലമെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ ശ്രീ. സാജു പോളും ശ്രീ. ജോസ് തെറ്റയിലും ഇടപെട്ട് എടുത്തുതന്നാൽ നടപടിയുമായി മുന്നോട്ടുപോകാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്. അതെങ്കിലും എടുത്തു തരാനുള്ള സംവിധാനം ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ.മാർ മുൻകൈയെടുത്ത് ഒരു അഡ്വാൻസ് പൊസഷൻ ലഭ്യമാക്കിയാൽ ഉടൻതന്നെ അതിന് ടി.എസ്. കൊടുത്ത് ടെണ്ടർ വിളിക്കുന്നതാണ്. അതുപോലെ അദ്ദേഹം ഉന്നയിച്ച അങ്കമാലി ബൈപ്പാസിനായി റിപ്പോർട്ട് നൽകാൻ കിറ്റ്കോയ്ക്ക് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. കിറ്റ്കോയുടെ റിപ്പോർട്ട് കിട്ടിയാലുടൻ അങ്കമാലി ബൈപ്പാസ് പി.പി.പി. മോഡലിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

18. കണ്ണൂർ-വളപട്ടണം-മാഹി ബൈപ്പാസിന് പ്രത്യേക സ്കീം

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, വളപട്ടണം-മാഹി നാലുവരിപ്പാത അടിയന്തരമായി ആരംഭിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. സംസ്ഥാനത്തെ ഏറ്റവും ഇടുങ്ങിയ നാഷണൽ ഹൈവേയാണ് മാഹി-തലശ്ശേരി. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ മുഴപ്പിലങ്ങാട്-മാഹി 12 കിലോമീറ്റർ നാലുവരി പാത ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ടുമാത്രം ആ ഭാഗത്തെ പ്രശ്നം പരിഹരിക്കപ്പെടുകയില്ല. വളപട്ടണം-മാഹി പാതയ്ക്കായി 10 വില്ലേജുകളിൽ സർവ്വേ നടത്തി ലാന്റ് അക്വിസിഷന്റെ നടപടിക്രമത്തിന്റെ അവസാനഘട്ടമായ 3D പോലും ഡിക്ലയർ ചെയ്തതാണ്. 50 ശതമാനം ആളുകൾ അവരുടെ ലാന്റ് അക്വിസിഷൻ രേഖകൾ ഡെപ്യൂട്ടി കളക്ടർ ഓഫീസിൽ നൽകിക്കൊണ്ട് അവരുടെ സ്ഥലത്തിന് അവർക്ക് ന്യായമായ വില കൊടുക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. രാഷ്ട്രീയമായ എതിർപ്പുകളൊക്കെ മാറ്റി ജനങ്ങൾ തന്നെ ഈ ലാന്റ് അക്വിസിഷന്

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലമാണ്. തിരുവനന്തപുരത്ത് കോവളം മുതൽ ഒരു സ്മൂച്ച് പണി ആരംഭിച്ചതു പോലെ ഒരു സ്പെഷ്യൽ പദ്ധതിയായി കണക്കാക്കി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കണം. ലാന്റ് അക്വിസിഷൻ നടപടി ഇപ്പോൾ അനുകൂലമായ സാഹചര്യത്തിൽ പ്രസ്തുത സ്ഥലമെടുക്കുകയും കേന്ദ്രത്തിൽനിന്ന് സഹായം വാങ്ങി ഭൂ ഉടമകളെ രക്ഷിക്കുകയും വേണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ദേശീയപാത 17-ന്റെ അലൈൻമെന്റിൽ പാപ്പിനിശ്ശേരി മുതൽ എടയ്ക്കാട് വരെയുള്ള കണ്ണൂർ ബൈപ്പാസ്, തലശ്ശേരി-മാഹി ബൈപ്പാസ് എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഇവ രണ്ടും കൂടി ചേർന്നതാണ് കണ്ണൂർ-വളപട്ടണം-മാഹി ബൈപ്പാസ്. ഈ പദ്ധതി കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കില്ലെന്ന സ്ഥിതിവിശേഷമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുമൊക്കെ താല്പര്യമെടുത്ത് സംസ്ഥാന ഗവൺമെന്റ് തന്നെ ഈ പദ്ധതി ഏറ്റെടുത്ത് നടത്തിയാലോ എന്നാലോചിക്കുകയും ചെയ്തതാണ്. അക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന് നല്ലതുപോലെ അറിയാവുന്നതാണ്. എന്നാൽ ഈ പദ്ധതി കേന്ദ്ര ഗവൺമെന്റ് തന്നെ നടത്തിയാൽ മതിയെന്ന് അദ്ദേഹമുൾപ്പെടെ യുള്ളവർ നിർദ്ദേശിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങൾ വീണ്ടും കേന്ദ്ര മന്ത്രിയ്ക്ക് നിവേദനം കൊടുത്തതിന്റെ ഫലമായി ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അത് ഏറ്റെടുക്കുകയും നാലുവരിപ്പാതയാക്കാമെന്ന് സമ്മതിക്കുകയും, അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയുമാണ്. കേന്ദ്ര ഗവൺമെന്റ് ഡി.പി.ആർ.-നുള്ള ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകുകയാണ്.

19. താനൂരിലെ ബദർപ്പള്ളി പാലത്തിന്റെ നിർമ്മാണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, താനൂർ നിയോജകമണ്ഡല ത്തിലൂടെ കടന്നുപോകുന്ന കനോലി കനാലിന് കുറുകെയുള്ള തിരൂർ-പരപ്പനങ്ങാടി റോഡിനെയും നിർദ്ദിഷ്ട തീരദേശ പാതയെയും ബന്ധിപ്പിക്കുന്ന ബദർപ്പള്ളി പാലത്തിനുവേണ്ടി മുറവിളി തുടങ്ങിയിട്ട് നാളുകളേറെയായി. ഏറെ ജനസാന്ദ്രതയുള്ള ഈ തീരപ്രദേശത്തെ ജനങ്ങളും നൂറുകണക്കിന് വിദ്യാർത്ഥികളും മത്സ്യ വ്യാപാരികളുമെല്ലാം ഈ പ്രദേശത്ത് പാലമില്ലാത്തതിനാൽ ഏറെ പ്രയാസത്തിലാണ്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി ഇവിടെ പാലം പണിയുന്നതിന് പൊതുമരാമത്ത് വകുപ്പ് ആരംഭിച്ച പ്രാഥമിക നടപടികൾ ത്വരിതപ്പെടുത്തി ഭരണാനുമതി നൽകി പ്രവർത്തനം തുടങ്ങുന്നതിന് നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, താനൂർ നിയോജകമണ്ഡലത്തിലെ കനോലി കനാലിന് കുറുകെയുള്ള ബദർപ്പള്ളി പാലത്തിന്റെ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി. പാലത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly